1. കാർഡമം ഹിൽ റിസർവ്വ്.
2. പ്രൈവറ്റ് ഫോറസ്റ്റ്
3. ഏലം കൃഷി ചെയ്യുന്ന സ്ഥലം

മറ്റ് സ്വകാര്യഭൂമികളിൽ നട്ടുവളർത്തുന്ന പത്തിനം മരങ്ങൾ ഒഴികെയുള്ള എല്ലാ മരങ്ങളും ഉടമസ്ഥർക്ക് മുറിച്ചുമാറ്റുന്നതിന് അനുവാദമുണ്ട്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലഘൂകരിച്ച് സ്വകാര്യഭൂമിയിൽ കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുവാനുള്ള ഒരു ബില്ല് സർക്കാരിന്റെ പരിഗണനയിലുണ്ട്.

വിദേശമദ്യങ്ങൾ ഉല്പാദിപ്പിക്കാൻ ലൈസൻസുള്ള ഫാക്ടറികൾ

*12 [424] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിദേശ മദ്യങ്ങൾ ഉല്പാദിപ്പിക്കാൻ എത്ര ഫാക്ടറികൾക്ക് ഇപ്പോൾ ലൈസൻസുണ്ട്;

(ബി) അവയുടെ പേരു വിവരം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഫാക്ടറികൾ ഉല്പാദിപ്പിക്കുന്ന മദ്യങ്ങളുടെ ബ്രാൻഡ്നെയിം എക്സൈസ് ഡിപ്പാർട്ടുമെന്റ് രജിസ്റ്റർ ചെയ്യാറുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) കേരളത്തിൽ വിദേശ മദ്യങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ 12 ഡിസ്റ്റില്ലറികൾക്കും 8 കോംപൗണ്ടിംഗ് ആന്റ് ബ്ലെന്റിങ്ങ് യൂണിറ്റുകൾക്കും ലൈസൻസുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു †

(സി) എല്ലാ സാമ്പത്തിക വർഷവും എല്ലാ ബ്രാൻഡുകളും രജിസ്റ്റർ ചെയ്യാറുണ്ട്.

സുനാമി ദുരിത ബാധിതരുടെ പ്രശ്നപരിഹാരത്തിന് വന്നിട്ടുള്ള വീഴ്ച

*13 [425] ശ്രീ. എം. വി. ജയരാജൻ :
,, ടി. കെ. ദേവകുമാർ :
,, മത്തായി ചാക്കോ :
,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതബാധിതമായ കേരളത്തിലെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതിനുള്ള നടപടികളിലെ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽ ആദ്യഘട്ടം എന്ന നിലയിൽ ഇരുപതു പഞ്ചായത്തുകളിൽ കൂടി ശുദ്ധജല വിതരണ പദ്ധതി ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(3) സ്വജലധാര-II (കൊല്ലം, കാസർഗോഡ് ജില്ല) പദ്ധതികൾ

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കൊല്ലം, കാസർഗോഡ് ജില്ലകളിൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലകളിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന സെക്ടർ റിഫോംസ് പ്രോജക്ടിന്റെ തുടർച്ചയായി 2004 ഏപ്രിൽ മുതൽ തുടർന്നു വരുന്ന സ്വജൽധാര-2 പ്രോജക്ട് കുടിവെള്ളം പൈപ്പുവഴി ഓരോ കുടുംബത്തിനും എത്തിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനു പുറമെ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

അനുബന്ധം II

[14-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *12 (424)ദയവായി കാണുക]

ഡിസ്റ്റില്ലറിയുടെ പേര്

- രാക്ഡവൽ ഡിസ്റ്റില്ലറി, ചേർത്തല
- ട്രാവൻകൂർ ഷുഗർസ് ആന്റ് കെമിക്കൽസ്, തിരുവല്ല
- കാസനോവ ഡിസ്റ്റില്ലറി, കോട്ടയം
- കെ.സി. ഡിസ്റ്റില്ലറി, തൃശ്ശൂർ
- എസ്. ഡി. എഫ്. ഇൻഡസ്ട്രീസ്, തൃശ്ശൂർ
- പോൾസൻ ഡിസ്റ്റില്ലറി, തൃശ്ശൂർ
- യുണൈറ്റഡ് ഡിസ്റ്റില്ലറി, കോഴിക്കോട്
- ചിക്കോപ്സ് ഡിസ്റ്റില്ലറി, പാലക്കാട്
- ഇൻഡോ സ്കോട്ടിഷ് ബ്രാൻഡ് ഡിസ്റ്റില്ലറി, എറണാകുളം
- ദേവികുളം ഡിസ്റ്റില്ലറി, എറണാകുളം
- നോർമാൻഡി ബ്രിവറീസ് ആന്റ് ഡിസ്റ്റില്ലറീസ് പ്രൈവറ്റ് ലിമിറ്റഡ്, കാസറഗോഡ്
- പാലക്കാട് ഡിസ്റ്റില്ലറി, പാലക്കാട്

LIBRARY ARCHIVES Kerala Legislative Assembly

ബ്ളൻഡിംഗ് യൂണിറ്റുകൾ

- സൗത്ത് ട്രാവൻകൂർ ഡിസ്റ്റില്ലറി, തിരുവനന്തപുരം
- കേരള ഡിസ്റ്റില്ലറി, എ യൂണിറ്റ് ഓഫ് ഷോ വാലസ് ഡിസ്റ്റില്ലറി, പാലക്കാട്
- കേരള ആൽക്കഹോളിക് പൊഡക്ട്സ്, പാലക്കാട്
- സെവൻസിസ് ഡിസ്റ്റില്ലറി, തിരുവനന്തപുരം
- എലൈറ്റ് ഡിസ്റ്റില്ലറി, തൃശ്ശൂർ
- അമൃത് ഡിസ്റ്റില്ലറി, പാലക്കാട്
- എംപീസ് ഡിസ്റ്റില്ലറി, പാലക്കാട്
- കെ. എസ്. ഡിസ്റ്റില്ലറി, കണ്ണൂർ

അനുബന്ധം III

[14-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 89 (2592) ദയവായി കാണുക]

BOYS

1. Arun Raj,
   Qurs. No: E VIII/12,
   Willingdon Island,
   Cochin—3.

2. Rajeev, M. R.,
   'Jayavihar', T.C. 50/1618,
   Metro Lane, Ayyanthole,
   Thrissur—3.

3. C. J. Balaji,
   Flat No: 507, Woodland
   Apartment,
   Jagathy—14.

LIBRARY ARCHIVES Kerala Legislative Assembly